പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1562 — 11.08.2017 -ൽ മറുപടിക്ക്

## പുരാവസ്തുവകുപ്പിന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**
ശ്രീ. എസ്.ശർമ്മ
ശ്രീമതി.പി.അയിഷാ പോറ്റി
പ്രൊഫ.കെ.യു.അരുണൻ
ശ്രീ.വി.ജോയി

**ഉത്തരം**
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു. തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പുരാവസ്തുവകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അവയെ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ), (ബി) & (സി) | പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും, അവയെ ജനങ്ങളിലേക്കെത്തിക്കുന്നതിനുമായി വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സംഘടനകൾ എന്നിവയുമായി സഹകരിച്ചു കൊണ്ട് പുരാവസ്തു പ്രദർശനങ്ങൾ, സെമിനാറുകൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നുണ്ട്. പുരാവസ്തു വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'കേരള പൈതൃകോത്സവം' ഇക്കൊല്ലം ഡൽഹി, മുംബൈ, കൊൽക്കത്ത, ബാംഗ്ലൂർ എന്നിവിടങ്ങളിൽ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശാസ്ത്രീയമായ രീതിയിൽ പുന:സംഘടിപ്പിക്കുന്നതിന്റേയും, പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റേയും ഭാഗമായി ജീവനക്കാർക്ക് അവരുടെ അക്കാഡമിക് യോഗ്യതകൾക്കനുസരിച്ചുള്ള പ്രായോഗിക പരിശീലനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, നാഷണൽ റിസർച്ച് ലബോറട്ടറി ഫോർ കൾച്ചറൽ പ്രോപ്പർട്ടീസ്, ലക്നൗ, നാഷണൽ മ്യൂസിയം, ഡൽഹി, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂമിസ്മാറ്റിക്സ് സ്റ്റഡീസ്, നാസിക്, ഐ ഐ റ്റി,ചെന്നൈ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പ്രസ്തുത പരിശീലന പരിപാടി സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | വകുപ്പിന്റെ ഘടനയും പ്രവർത്തനങ്ങളും ശാസ്ത്രീയമായ രീതിയിൽ പുന:സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | | |
| (സി) | ആയത് സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുന്നതിനായി ചരിത്രകാരൻമാരേയും പുരാവസ്തുവിദഗ്ധൻമാരേയും ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | | |

| | | | |
|---|---|---|---|
| | | | കൂടാതെ പുരാവസ്തു വകുപ്പിന്റെ സമഗ്രമായ പുരോഗതിക്കായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി പുരാവസ്തു വകുപ്പ് ഡയറക്ടർ കൺവീനറായി വിവിധ മേഖലകളിൽ പ്രാവീണ്യം നേടിയ വ്യക്തികളെ അംഗങ്ങളായും നിശ്ചയിച്ചുകൊണ്ടു ഒരു വിദഗ്ധ സമിതി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**